LIBRARY ARCHIVES Kerala Legislative Assembly

ആളോഹരി വൈദ്യുതി ഉപയോഗം വർദ്ധിപ്പിക്കുവാൻ നടപടി

8 [2625] ശ്രീ. വി. ഡി. സതീശൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ജി. കാർത്തികേയൻ:
,, സി. പി. മുഹമ്മദ്:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആളോഹരി വൈദ്യുതി ഉപഭോഗമെത്രയാണ്;

(ബി) അഖിലേന്ത്യാടിസ്ഥാനത്തിൽ ശരാശരി ആളോഹരി വൈദ്യുതി ഉപഭോഗത്തിന്റെ കാര്യത്തിൽ സംസ്ഥാനം എത്രാമത് സ്ഥാനത്താണ് നിൽക്കുന്നത്;

(സി) ആളോഹരി വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003-04 വർഷത്തിലെ സംസ്ഥാനത്തിന്റെ ആളോഹരി വൈദ്യുതി ഉപഭോഗം 386 Kwh ആണ്.

(ബി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ.)-യുടെ കണക്കുകളനുസരിച്ച് കേരളം 26-ാം സ്ഥാനത്താണ്.

(സി) ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ വ്യവസായ സ്ഥാപനങ്ങൾക്ക് rationalized tariff നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. വൈദ്യുതിയുടെ വില കൂടെക്കൂടെ വർദ്ധിപ്പിക്കാതെയും, സബ്സിഡി നൽകിയും ആളോഹരി വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കാൻ സഹായം ചെയ്യുന്നുണ്ട്.

ബജറ്റ് നിർദ്ദേശങ്ങൾ വൈദ്യുതി മേഖലയിൽ സൃഷ്ടിക്കുന്ന പ്രതികരണങ്ങൾ

9 [2626] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ഫെബ്രുവരി 28-ന് ബഹു. കേന്ദ്ര ധനമന്ത്രി അവതരിപ്പിച്ച ബജറ്റ് നിർദ്ദേശങ്ങൾ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ സൃഷ്ടിക്കുന്ന അനുകൂല, പ്രതികൂല പ്രതികരണങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കാമോ?